## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 544 — 25/10/2011 -ൽ മറുപടിക്ക്

### എയ്ഡഡ് സ്കൂൾ / കോളേജ് നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എയ്ഡഡ് സ്കൂൾ / കോളേജ് നിയമനങ്ങൾക്ക് വൻതുക കോഴയായി നൽകേണ്ടി വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | എയ്ഡഡ് സ്കൂൾ / കോളേജ് നിയമനങ്ങൾക്ക് കോഴ നൽകേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ/കോളേജ് നിയമനവുമായി ബന്ധപ്പെട്ട് പലവിധ പ്രശ്നങ്ങളും നിലവിലുണ്ട്. മാനേജർമാർ സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കാതെയും, ശരിയായ തസ്തികയില്ലാതെയും അർഹതപ്പെട്ടവർക്ക് നിയമനം നൽകാതെയും വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരെ നിയമിക്കുകയും ചെയ്ത് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാർ ശമ്പളം നൽകുന്ന എല്ലാ തസ്തികകളിലും അഴിമതി രഹിതമായ നിയമനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | നിലവിലുള്ള നിയമങ്ങൾ പ്രകാരമാണ് നിയമനങ്ങൾ നടത്തിവരുന്നത്. നിലവിലുള്ള നിയമപ്രകാരം മാനേജർമാരാണ് നിയമന അധികാരി. നിയമത്തിൽ മാറ്റംവരാതെ നിയമന രീതി മാറ്റാൻ കഴിയുകയില്ല. സർക്കാർ പ്രഖ്യാപിച്ച അദ്ധ്യാപക |

| | |
|---|---|
| | പാക്കേജ് നടപ്പിലാകുന്നതോടെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പാക്കാൻ കഴിയും. എയ്ഡഡ് കോളേജിലെ അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും നിയമനങ്ങൾക്കായുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക്, ടി നിയമനങ്ങൾ അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിനായി, സെക്രട്ടേറിയേറ്റിൽ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനേയോ, ഡെപ്യൂട്ടി കളക്ടർ/ കളക്ടർ തുടങ്ങിയവരേയോ സർക്കാർ പ്രതിനിധിയായി അയയ്ക്കുന്നുണ്ട്. |
| (സി) എയ്ഡഡ് സ്കൂൾ / കോളേജ് അദ്ധ്യാപകരുടെ നിയമന കാര്യത്തിൽ ഉദ്യോഗാർത്ഥിയുടെ മികവ് പരിഗണിക്കപ്പെടാൻ ഫലപ്രദമായ എന്തു നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ കൂടിക്കാഴ്ച നടത്തിയാണ് നിയമനം നടത്തിവരുന്നത്. അദ്ധ്യാപക പാക്കേജ് പ്രകാരം ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിൽ നിയമനങ്ങൾക്ക് Teacher Eligibility Test (TET) നിർബന്ധമാക്കിയിട്ടുണ്ട്. എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ നിയമനം കാര്യക്ഷമവും കുറ്റമറ്റതും സുതാര്യവുമാക്കാൻ അദ്ധ്യാപക നിയമനത്തിനായി സെലക്ഷൻ കമ്മറ്റി രൂപീകരിക്കുകയും ഗവ. പ്രതിനിധിയായി ഡപ്യൂട്ടി കളക്ടർ/ഡപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ സെലക്ഷൻ കമ്മറ്റിയിൽ ഉൾപ്പെടുത്തുകയും ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് ഉദ്യോഗാർത്ഥി |

യുടെ മികവ് പരിശോധിക്കുവാൻ ഇന്റർവ്യൂ കമ്മിറ്റിയിൽ വിഷയ വിദഗ്ദ്ധനെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കോളേജ് അദ്ധ്യാപക നിയമനത്തിന് യൂ.ജി.സി. നിഷ്കർഷിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയായ 55% മാർക്കിൽ കുറയാത്ത പി.ജി., നെറ്റ് അല്ലെങ്കിൽ പി.എച്ച്.ഡി എന്നിവ കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും നിർബന്ധമാക്കിയിരിക്കുന്നു.

| | |
|---|---|
| (ഡി) എയ്ഡഡ് സ്കൂൾ/ കോളേജ് മാനേജ്മെന്റുകൾ നിയമനം നടത്തി, സർക്കാർ ശമ്പളം നൽകിവരുന്ന എത്ര അദ്ധ്യാപക/ അദ്ധ്യാപകേതര ജീവനക്കാർ ഇപ്പോൾ സംസ്ഥാനത്തുണ്ട് ? | (ഡി) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ എൽ.പി/യു.പി/ഹൈസ്കൂൾ വിഭാഗത്തിൽ സർക്കാർ ശമ്പളം നൽകിവരുന്ന 1,01,965 അദ്ധ്യാപകരും 8768 അദ്ധ്യാപകേതര ജീവനക്കാരുമുണ്ട്. ഹയർ സെക്കന്ററി വിഭാഗത്തിൽ 14509 അദ്ധ്യാപകരും 1687 അനദ്ധ്യാപകരും ഉണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 1674 അദ്ധ്യാപകരും 537 അദ്ധ്യാപകേതര ജീവനക്കാരും ഉണ്ട്. എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ നിയമനം നടത്തി സർക്കാർ ശമ്പളം നൽകുന്ന 8004 അദ്ധ്യാപക ജീവനക്കാരും 4734 അനദ്ധ്യാപക ജീവനക്കാരും ഇപ്പോൾ സംസ്ഥാനത്തുണ്ട്. |

സെക്ഷൻ ഓഫീസർ